കേരളത്തിന് ലഭിച്ചിട്ടില്ല. ഇത് മുൻനിർത്തി കേരളത്തിന് കൂടുതൽ പ്രയോജനമുണ്ടാകുന്ന തരത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനാണ് കേരളം ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

(ഡി) 19-1-2018-ന് തിരുവനന്തപുരത്ത് രണ്ട് സംസ്ഥാനങ്ങളും തമ്മിൽ നടന്ന സെക്രട്ടറിതല ചർച്ചയിലും 2-5-2018-ന് ന്യൂഡൽഹിയിൽ കേന്ദ്ര ജലകമ്മീഷൻ വിളിച്ചുചേർത്ത തെക്കൻ സംസ്ഥാനങ്ങളുടെ ഒന്നാമത് റീജിയണൽ കോൺഫറൻസിലും പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു. കേരളത്തോടും തമിഴ്നാടിനോടും കരാർ പുനവലോകന ചർച്ചകൾ പുനരാരംഭിക്കാനും ചർച്ചകളെ സംബന്ധിച്ചുള്ള വിവരങ്ങൾ കേന്ദ്ര ജലകമ്മീഷനെ അറിയിക്കാനും യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് 2018 ജൂൺ 19-ാം തീയതി നടന്ന യോഗത്തിൽ കരാർ പുനരവലോകന ചർച്ചകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ എടുക്കണമെന്ന് തമിഴ്നാടിനോട് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) കരാർ ലംഘനങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ, പറമ്പിക്കുളം-ആളിയാർ കരാറുകമായി ബന്ധപ്പെട്ട വിവിധ ചർച്ചകളിൽ കേരളം നിരന്തരം ഉന്നയിച്ചുവരികയാണ്.

പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽനിന്നും കേരളത്തിന് കൂടുതൽ പ്രയോജനം ലഭ്യമാക്കുന്ന തരത്തിൽ കരാർ പുനരവലോകനം ചെയ്യുന്ന ചർച്ചകളുമായി മുന്നോട്ടുപോകാനാണ് കേരളം ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്.

## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് നിയമനം

84(3868) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾ നടക്കുന്നത് പി.എസ്.സി. മുഖേനയാണോ; വിവിധ വകുപ്പുകളിലേക്ക് തയ്യാറാക്കുന്ന പൊതു റാങ്ക് ലിസ്റ്റിൽനിന്ന് തന്നെയാണോ ഇവരെ നിയമിക്കുന്നത്;

(ബി) സെക്രട്ടേറിയറ്റിൽ പ്രവർത്തിക്കുന്ന പി.ആർ.ഡി. ഡയറക്ടറേറ്റിൽ നിയമനം ലഭിക്കുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് മറ്റു വകുപ്പുകളിലെ സമാന തസ്തികക്കാർക്ക് ലഭിക്കുന്ന 10% സ്ഥാനക്കയറ്റം ലഭിക്കുന്നുണ്ടോ; അവരുടേതല്ലാത്ത കുറ്റത്താൽ സ്ഥനക്കയറ്റം നിഷേധിക്കപ്പെടുന്നു എന്ന പരാതി ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവർക്ക് ഉചിതമായ പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അതെ.

(ബി&സി) വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലുണ്ടാകുന്ന ഒഴിവുകൾ 10 ശതമാനം അതത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തസ്തികമാറ്റ നിയമനം നൽകുന്നതിനായി മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ ക്ലറിക്കൽ/ടൈപ്പിസ്റ്റ് തസ്തികകളിൽ വകുപ്പ് നേരിട്ട് നിയമനം നടത്തുന്നില്ല. ജില്ലാ/മേഖലാ ഓഫീസുകളിൽ റവന്യൂ വകുപ്പിൽനിന്നും ഡയറക്ടറേറ്റിൽ പൊതുഭരണ സെക്രട്ടേറിയറ്റിൽ നിന്നുമാണ് നിയമനം നടത്തുന്നത്. വകുപ്പിന് സ്വന്തമായി ക്ലറിക്കൽ/ടൈപ്പിസ്റ്റ് തസ്തികകളില്ലാത്തതിനാലാണ് തസ്തികമാറ്റ നിയമനം നടക്കാത്തത്. ഇതുസംബന്ധിച്ച് ലഭിച്ച പരാതി പരിശോധിച്ചുവരുന്നു.

**മാധ്യമങ്ങൾക്കുള്ള നിയന്ത്രണങ്ങൾ**

85(3869) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനാധിപത്യത്തിന്റെ നാലാം തൂണായി വിശേഷിപ്പിക്കപ്പെടുന്ന മാധ്യമങ്ങൾക്ക് സംസ്ഥാനത്ത് ചില പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് ഇറക്കുകയുണ്ടായോ; എങ്കിൽ ഉത്തരവിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇത് ജനങ്ങളുടെ അറിയാനുള്ള അവകാശത്തിന്റെ നിഷേധവും മാധ്യമ സ്വാതന്ത്ര്യത്തിനു മേലുള്ള കടന്നു കയറ്റവുമാണെന്ന് കരുതുന്നുണ്ടോ;

(സി) മന്ത്രിമാർ പി.ആർ.ഡി മുഖേന മാത്രമേ മാധ്യമങ്ങളോട് സംവദിക്കാവൂ എന്ന് ഉത്തരവിൽ നിർദ്ദേശമുണ്ടോ;

(ഡി) എങ്കിൽ മന്ത്രിമാർ ദൃശ്യമാധ്യമങ്ങളിൽ നടക്കുന്ന ചർച്ചകളിൽ പങ്കെടുക്കുന്നതിനും ഫേസ് ബുക്ക് പോലുള്ള സാമൂഹ്യമാധ്യമങ്ങളിലൂടെ വിവരങ്ങൾ പങ്കുവയ്ക്കുന്നതിനും പ്രസ്തുത ഉത്തരവ് പ്രകാരം ഏർപ്പെടുത്തിയ വിലക്കുകൾ ബാധകമാകുമോ; വിശദാംശങ്ങൾ നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly